Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

19.4.2018

All Kerala Press Release

*Ref: 252KCBC/K-6/KPR/DS*

## പിഒസി സുവർണജൂബിലി സമാപന ആഘോഷം

കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി) യുടെ ആസ്ഥാനകാര്യാലയവും കേരളത്തിലെ ലത്തീൻ, മലബാർ, മലങ്കര സഭകളുടെ പൊതു അജപാലനകേന്ദ്രവുമായ പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ (പിഒസി) ദൈവകൃപയുടെയും അജപാലനസാക്ഷ്യത്തിന്റെയും അൻപതാണ്ടുകൾ പൂർത്തിയാക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ ആഗോളസഭയിൽ തുടക്കും കുറിച്ച അജപാലന മുന്നേറ്റങ്ങൾക്ക് കേരളസഭയിൽ തനതായ ആവിഷ്കാരവും ആശയരൂപീകരണവും നല്കി നയിച്ചതിൽ പിഒസി സുപ്രധാന പങ്കുവഹിച്ചു. കേരളത്തിലെ കത്തോലിക്കാസഭംഗങ്ങളുടെ വിശ്വാസവളർച്ചയിലും സാമൂഹിക കാഴ്ചപ്പാടുകളുടെ രൂപീകരണത്തിലും സഭയുടെ വിവിധ പ്രേഷിത സേവനപ്രവർത്തനങ്ങളുടെ ഏകോപനത്തിലുമെല്ലാം പിഒസി വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. കേരളത്തിന്റെ മനസ്സാക്ഷിയും സാമൂഹ്യഅന്തരീക്ഷവും സംസ്കാരവും രൂപപ്പെടുത്തുന്നതിൽ കേരളസഭയുടെ ചരിത്രപരമായ ഉത്തരവാദിത്വം ഫപ്രദമായി നിർവഹിക്കുന്നതിൽ പിഒസി ഒരു മുഖ്യഘടകമാണ്.

റീത്തു വ്യത്യാസങ്ങൾക്കതീതമായി കേരളസഭയെ വിശാലമായൊരു സമഭാവനയോടെ കാണാനും വ്യക്തിഗത സഭകളുടെ കൂട്ടായ്മ പരിപോഷിപ്പിക്കുന്നതിനും സഭാംഗങ്ങളുടെ വിശ്വാസ പരിശീലനത്തിനും ക്രൈസ്തവ സഭകളുടെ കൂട്ടായ്മ പരിപോഷിപ്പിക്കുന്നതിനും പിഒസി ഊന്നൽ നല്കുന്നു. ഒപ്പം, വ്യത്യസ്ത സംസ്കാരങ്ങളുടെ സമന്വയ.ത്തിനും മത-സമുദായ സൗഹാർദം വളർത്തുന്നതിനും, സഭയും സമൂഹവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പൊതു കാഴ്ചപ്പാടുകളും സമീപനങ്ങളും രൂപീകരിക്കുന്നതിനും പിഒസി വേദിയാകുന്നു. സഭയുടെ ജീവിതത്തിൽ അല്മായരുടെ പങ്ക് ആഴത്തിൽ ഗ്രഹിക്കുന്നതിനും ഓരോ വിശ്വാസിയുടെയും സഭ മുഴുവന്റെയും പ്രേഷിത വ്യക്തിത്വവും ദൗത്യവും പ്രോജ്വലിപ്പിക്കുന്നതിനുള്ള കർമപരകിപരിപാടികളാണ് പിഒസിയുടെ വർത്തമാനകാലത്തെ പ്രസക്തമാക്കുന്നത്.

ഒരു വർഷം ദീർഘിച്ച ആഘോഷപരിപാടികൾ തിരിഞ്ഞു നോട്ടത്തിനും വിശകലനത്തിനും വിലയിരുത്തലിനും പ്രാധാന്യം നല്കുന്നതായിരുന്നു. വർത്തമാനകാലത്ത് സഭയിലെ അജപാലന ജാഗ്രതയും സാക്ഷ്യവും വിലയിരുത്തുന്നതിന് മുഖ്യപ്രാധാന്യം നല്കി. സമൂഹത്തിലെ മാറ്റങ്ങളും കാലഘട്ടത്തിന്റെ ചുവരെഴുത്തുകളും തിരിച്ചറിഞ്ഞ് സഭയുടെ പ്രേഷിതചൈതന്യം കൂടുതൽ തീക്ഷ്ണമാക്കുന്നതിനും വൈവിധ്യത്തെ ആദരിക്കാനും കൂട്ടായ്മയെ പരിപോഷിപ്പിക്കാനും, ശുശ്രൂഷയുടെ എല്ലാ രംഗങ്ങളിലും കാരുണ്യത്തിന്റെ പ്രേഷിതരാകാനുമുള്ള പരിശ്രമങ്ങളാണ് വിവിധ പരിപാടികളിലൂടെ നടന്നത്. സുവർണ ജൂബിലി ആഘോഷങ്ങളുടെ സമാപനം ഏപ്രിൽ 20,21 തീയതികളിൽ പിഒസിയിൽ നടക്കും.

ഇന്ന് (20.4.2018) രാവിലെ 9.45-ന് കേരള കത്തോലിക്കാ മെത്രാൻസമിതി പ്രസിഡന്റ് ആർച്ച് ബിഷപ്പ് റൈറ്റ് റവ. ഡോ. എം. സൂസ പാക്യത്തിന്റെ ഉദ്ഘാടനസന്ദേശത്തോടെ ആരംഭിക്കുന്ന പരിപാടികളിൽ പ്രൊഫ. എം. തോമസ് മാത്യു, റവ. ഡോ. പയസ് മലേക്കണ്ടത്തിൽ എന്നിവർ 'ക്രൈസ്തവികതയും

കേരളസമൂഹവും' എന്ന വിഷയത്തിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. തുടർന്നുവരുന്ന 'കേരളസഭയും മാനവ വികസനവും' എന്ന വിഷയത്തെ അധികരിച്ച് ശ്രീ. സി.ആർ. നീലകണ്ഠൻ, ശ്രീമതി ലിഡാ ജേക്കബ് ഐഎഎസ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. ശ്രീ. സെബാസ്റ്റ്യൻ പോൾ (മുൻ എം.പി.) ഈ അവതരണങ്ങളിൽ മോഡറേറ്റർ ആയിരിക്കും. ഉച്ചകഴിഞ്ഞുള്ള ആദ്യ പ്രബന്ധം 'ക്രൈസ്തവ ദർശനവും ദാർശനിക കേരളവും' എന്ന വിഷയത്തിലൂന്നിക്കൊണ്ടായിരിക്കും – ശ്രീ. അലക്സാണ്ടർ ജേക്കബ് ഐപിഎസ്, സ്വാമി ശ്രീ. ഗുരുരത്നം ജ്ഞാനതപസ്വി തുടങ്ങിയവരുടെ അവതരണങ്ങൾക്ക് റവ. ഡോ. പോൾ തേലക്കാട്ട് മോഡറേറ്റർ ആയിരിക്കും. ജൂബിലി രണ്ടാം ദിവസമായ 21-ന് രാവിലെ 8.30-ന് 'കേരളസഭ ഇന്നലെ, ഇന്ന്, നാളെ' എന്ന വിഷയത്തെക്കുറിച്ചുള്ള പ്രബന്ധങ്ങൾ ശ്രീ. ജേക്കബ് പുന്നൂസ് ഐപിഎസ്, ഫാ. സേവ്യർ കുടിയാംശ്ശേരി എന്നിവർ അവതരിപ്പിക്കും. റവ. ഡോ. വിൻസെന്റ് കുണ്ടുകുളമാണ് ഈ വിഷയം മോഡറേറ്റു ചെയ്യുന്നത്. 10-മണിക്ക് ആരംഭിക്കുന്ന സമാപനസമ്മേളനം രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ പ്രൊഫ. പി.ജെ. കുര്യൻ ഉദ്ഘാടനം ചെയ്യും. കെസിബിസി പ്രസിഡന്റ് ആർച്ച് ബിഷപ്പ് എം സൂസ പാക്യം അധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ ജാക്കോബൈറ്റ് സിറിയൻ ഭദ്രാസനാധിപൻ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാബാവ മുഖ്യ പ്രഭാഷണം നടത്തും. സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് കാർഡിനൽ ആലഞ്ചേരിയും സീറോ മലങ്കര സഭാ മേജർ ആർച്ച് ബിഷപ്പ് ബസേലിയോസ് കാർഡിനൽ ക്ലിമീസും അനുഗ്രഹപ്രഭാഷണങ്ങൾ നടത്തും. കൊച്ചി മേയർ ശ്രീമതി. സൗമിനി ജെയ്ൻ സുവനീർ പ്രകാശനം നിർവഹിക്കും. തിരുവനന്തപുരം പാളയം ഇമാം വി.പി. ഷുഹൈബ് മൗലവി, സ്വാമി നന്ദാത്മജ്ഞാനന്ദ എന്നിവർ ആശംസകൾ അർപ്പിക്കും. തുടർന്നു നടക്കുന്ന കൃതജ്ഞതാബലിയിൽ കേരളത്തിലെ മൂന്നു റീത്തുകളിൽനിന്നുമുള്ള കത്തോലിക്കാ മെത്രാൻമാരും വൈദികരും സഹകാർമികരാകും. കേരളത്തിലെ 32 രൂപതകളിൽനിന്നുള്ള പ്രതിനിധികളും കെസിബിസി സംസ്ഥാനതല ഭാരവാഹികളും ഉൾപ്പെടെ 500 പേരാണ് ജൂബിലി സമാപന ആഘോഷങ്ങളിൽ പങ്കെടുക്കുന്നത്.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.